# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>പ്രതിവർഷം ഒരു ലക്ഷം തൊഴിൽ പദ്ധതി</u>

4233 ശ്രീ. കെ. ശിവദാസൻ നായർ
'' ഡൊമിനിക് പ്രസന്റേഷൻ
'' പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രതിവർഷം ഒരു ലക്ഷം തൊഴിൽ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) സ്വയംതൊഴിൽ പദ്ധതികൾക്ക് കെ.എസ്.എഫ്.ഇ. വഴി എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കാനുദ്ദേശിക്കുന്നത് ;

(സി) ഈ പദ്ധതി എന്ന് തുടങ്ങാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) പദ്ധതിയ്ക്ക് ആസൂത്രണ കമ്മീഷൻ പിൻതുണ നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുക എങ്ങനെയാണ് സമാഹരിക്കുന്നത് ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>ദൃശ്യമാധ്യമ തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷ</u>

4234 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദൃശ്യമാധ്യമ മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ജേർണലിസ്റ്റുകൾ ഉൾപ്പെടെയുള്ള തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷിതത്വം ഇല്ലാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇവരുടെ തൊഴിൽ സുരക്ഷയും സേവന വേതന വ്യവസ്ഥയും ഏകീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>അസംഘടിത തൊഴിലാളികൾക്ക് ക്ഷേമനിധി</u>

4235 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലയിലെ മുഴുവൻ തൊഴിലാളികളേയും ക്ഷേമനിധി പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികളെ നിരീക്ഷിക്കാന്‍ സംവിധാനം</u>

4236 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെട്ടിട നിര്‍മ്മാണം, ഹോട്ടല്‍ ജോലി തുടങ്ങിയ തൊഴില്‍ മേഖലയില്‍ അന്യസംസ്ഥാനത്ത് നിന്ന് ഒട്ടേറെ പേര്‍ സംസ്ഥാനത്ത് എത്തുന്ന സാഹചര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇവരില്‍ ചിലര്‍ അക്രമവാസനയും ക്രിമിനല്‍ പശ്ചാത്തലവും ഉളളവരാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കില്‍ ഇവരെ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നിലവിലുളള ഔദ്യോഗിക സംവിധാനം എന്താണ്;

(ഡി) സംസ്ഥാനത്ത് കണ്ടുവരുന്ന പകര്‍ച്ചവ്യാധികളില്‍ പലതും ഇവിടെയെത്തുന്നത് ഇത്തരം അന്യസംസ്ഥാന തൊഴിലാളികളിലൂടെയാണെന്ന ആരോഗ്യ വകുപ്പിന്റെയും ബന്ധപ്പെട്ട ഏജന്‍സികളുടെയും പഠനറിപ്പോര്‍ട്ട് പരിശോധിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>കളിമണ്‍ പാത്ര നിര്‍മ്മാണത്തൊഴിലാളികള്‍ക്കുള്ള ക്ഷേമ പദ്ധതികള്‍</u>

4237 ശ്രീ. കെ. ദാസന്‍

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

സംസ്ഥാനത്ത് കളിമണ്‍ പാത്ര നിര്‍മ്മാണം കുലത്തൊഴിലായി സ്വീകരിച്ച പരമ്പരാഗത വിഭാഗങ്ങളെ സംരക്ഷിക്കാന്‍ സര്‍ക്കാര്‍ തലത്തിലുള്ള ക്ഷേമ പദ്ധതികള്‍ ഏതെല്ലാമാണ് എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

<u>കര്‍ഷക തൊഴിലാളികള്‍ക്ക് ബോണസ്</u>

4238

ശ്രീ. മുല്ലക്കര രത്നാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കര്‍ഷക തൊഴിലാളികള്‍ക്ക് ബോണസ് നല്‍കുന്നതിനുള്ള ഒരു പദ്ധതി നടപ്പിലാക്കുവാന്‍ ആലോചിക്കുമോ;

(ബി) അസംഘടിത മേഖലയിലെ തൊഴിലാളികള്‍ക്കു കൂടി ബോണസ് ലഭിക്കത്തക്ക വിധം ഒരു നിയമ നിര്‍മ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇക്കാര്യത്തിലുള്ള നയം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

<u>കുടിയേറ്റ തൊഴിലാളികളുടെ സ്ഥിതിവിവരക്കണക്കുകൾ</u>

4239 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുടിയേറ്റ തൊഴിലാളികളുടേയും അവരുടെ കുടുംബാംഗങ്ങളുടേയും സ്ഥിതിവിവരക്കണക്കുകൾ തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കുടിയേറ്റ തൊഴിലാളികളോടൊപ്പം വരുന്ന കുട്ടികളെ ജോലിക്ക് നിയോഗിക്കുന്നതു തടയാൻ നടപടി സ്വീകരിക്കുമോ;

(ഡി) അന്യസംസ്ഥാന തൊഴിലാളികൾക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

## ക്ഷേമ പെൻഷനുകൾ

4240 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ക്ഷേമപെൻഷനുകൾ ഏതെല്ലാമാണെന്നും ഇവയിൽ ഓരോന്നിലും പെൻഷണർക്ക് പ്രതിമാസം എത്ര തുകയാണ് നൽകുന്നതെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് സീനിയോറിറ്റി നിലനിർത്തി രജിസ്ട്രേഷൻ പുതുക്കി നൽകുന്നതിന് നടപടി</u>

4241 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എംപ്ലോയ്മെന്റ് എസ്ക്ചേഞ്ചിൽ വിവിധ കാരണങ്ങളാൽ പേര് പുതുക്കാൻ കഴിയാതെപോയവർക്ക് സീനിയോറിറ്റി നിലനിർത്തി രജിസ്ട്രേഷൻ പുതുക്കി നൽകുന്നതിന് നടപടി ഉണ്ടാകുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവർക്ക് തൊഴിൽ ലഭ്യമാക്കുവാൻ നടപടി

4242 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി പേര് രജിസ്റ്റർ ചെയ്തിട്ടുളളവർക്ക് തൊഴിൽ ലഭ്യമാക്കുവാൻ എന്തെങ്കിലും പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>പ്രൊഫഷണൽ, വികലാംഗ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ</u>

4243 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രൊഫഷണൽ, വികലാംഗ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സർക്കാർ വകുപ്പുകളിൽ നിന്ന് ഒഴിവുകൾ റിപ്പോർട്ട് ചെയ്തു കഴിഞ്ഞാൽ കാലതാമസം ഒഴിവാക്കി ഉദ്യോഗാർത്ഥികളുടെ പട്ടിക നൽകുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സ്ഥിരം നിയമനം ലഭിച്ചവർ</u>

4244 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സ്ഥിരം നിയമനം ലഭിച്ചവർ എത്രയാണ് എന്ന് ജില്ല, വകുപ്പ്, തസ്തിക എന്നിവ തിരിച്ച് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത</u>
<u>തൊഴിൽ രഹിതരുടെ എണ്ണം</u>

4245 ശ്രീ.ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത തൊഴിൽ രഹിതരിൽ എസ്.എസ്.എൽ.സി. ജയിച്ചവർ എത്ര ; തോറ്റവർ എത്ര എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ ; പ്രൊഫഷണൽ എക്സ്ചേഞ്ച്, വികലാംഗ എക്സ്ചേഞ്ച് ഇത് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) വികലാംഗരെ ജില്ലാ കളക്ടർ വഴി പ്രത്യേക തസ്തികകളിൽ ഇന്റർവ്യു നടത്തി നിയമനം നൽകുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ ;

(സി) എങ്കിൽ ഇതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ ;

(ഡി) വിധവകൾക്കും, അവിവാഹിതകളായ സ്ത്രീകൾക്കും ഇപ്പോൾ ഏത് തരത്തിലുള്ള സീനിയോറിറ്റിയാണ് നൽകുന്നത്; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് വകുപ്പിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ</u>

4246 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടർ, ടൗൺ എംപ്ലോയ്മെന്റ് ആഫീസർ എന്നീ വിഭാഗങ്ങളിൽ ആകെ എത്ര തസ്തികകൾ നിലവിലുണ്ട്;

(ബി) പ്രസ്തുത തസ്തികകളിൽ നിലവിൽ എത്ര എണ്ണം ഒഴിഞ്ഞുകിടക്കുന്നു എന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

ഒഡെപെക് വഴി നിയമനം ലഭിച്ചവർ

4247 ശ്രീ. എ.എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം ഒഡെപെക് വിദേശങ്ങളിലേക്കും മറ്റ് സംസ്ഥാനങ്ങളിലേക്കും എത്ര പേരെ ജോലിക്ക് നിയമിച്ചു;

(ബി) ഒഡെപെക് വഴി വിദേശത്ത് ജോലി ലഭിക്കുന്നതിനുള്ള മാനദണ്ഡം എന്താണ് ;

(സി) ഒഡെപെകിന്റെ ഡാറ്റാബാങ്കിൽ ഇപ്പോൾ എത്ര പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ; യോഗ്യത തിരിച്ച് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

സാങ്കേതിക വിദഗ്ധർ അന്യസ്ഥലത്ത് തൊഴിൽ തേടുന്ന അവസ്ഥ

4248 ശ്രീ. പി. ഉബൈദുള്ള
'' എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഭ്യസ്തവിദ്യരും സാങ്കേതിക പരിജ്ഞാനമുള്ളവരുമായ യുവജനങ്ങൾ തൊഴിലന്വേഷിച്ച് അന്യസംസ്ഥാനങ്ങളിൽ പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും കണക്കുകൾ സർക്കാരിന്റെ പക്കലുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) ഇത്തരം വിവിധ മേഖലകളിൽ വൈദഗ്ധ്യമുള്ള തൊഴിലാളികളെ സംസ്ഥാനത്തിനകത്ത് തന്നെ ജോലി നൽകി നിലനിർത്തുന്നതിനും അവർക്ക് അനുയോജ്യമായ തൊഴിൽ കണ്ടെത്തുന്നതിനുമുള്ള അവസരങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

സമഗ്രമായ തൊഴിൽ നയം

4249 ശ്രീ. ജോസഫ് വാഴക്കൻ
,, കെ. അച്ചുതൻ
,, വി.റ്റി. ബൽറാം
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്രമായ ഒരു തൊഴിൽ നയം രൂപീകരിക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) രൂപീകരിക്കുന്ന കരട് നയത്തിൽ ട്രേഡ് യൂണിയനുകളുടെയും ഇതുമായി ബന്ധപ്പെട്ടവരുടെയും അഭിപ്രായങ്ങൾ ഉൾപ്പെടുത്തുമോ;

(സി) ആയത് എന്ന് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ

## 19.10.2011-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് പുതിയ തൊഴിൽ നയം</u>

4250 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, എം. എ. വാഹീദ്
,, എ. റ്റി. ജോർജ്
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ തൊഴിൽ നയം എന്നുമുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഇതു നടപ്പാക്കുന്നതിന് മുൻപ് ബന്ധപ്പെട്ടവരുടെ അഭിപ്രായങ്ങൾ ആരായുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>നോക്കുകൂലിമൂലമുള്ള ബുദ്ധിമുട്ടുകൾ</u>

4251 ശ്രീ. കെ. അച്ചുതൻ
,, എം. പി. വിൻസെന്റ്
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലനിൽക്കുന്ന നോക്കുകൂലിമൂലമുള്ള ബുദ്ധിമുട്ടുകളിൽ നിന്ന് ജനങ്ങൾക്കു മോചനം നൽകാൻ എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ജനങ്ങളുടെ പരാതിപരിഹരിക്കുന്നതിന് ഹെൽപ്പ് ലൈൻ തുടങ്ങാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ;

(സി) ഗാർഹിക രംഗത്ത് കയറ്റിറക്കിന് ഉടമകൾക്ക് പൂർണ്ണ സ്വാതന്ത്ര്യം നൽകാൻ നടപടി എടുക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

ചുമട്ടു തൊഴിലാളികൾക്ക് രജിസ്ട്രേഷൻ

4252 ശ്രീ. പാലോട് രവി
'' ബെന്നി ബെഹനാൻ
'' കെ. അച്ചുതൻ
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചുമട്ടുകൂലി ഏകോപിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ചുമട്ടുകൂലി ഏകോപിപ്പിക്കുന്നതിനായി ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ചുമട്ടുതൊഴിലാളികൾക്ക് രജിസ്ട്രേഷൻ കാർഡ് നൽകുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>ബാര്‍ബര്‍ - ബ്യൂട്ടീഷ്യന്‍ ക്ഷേമ പദ്ധതിയിലെ ആനുകൂല്യങ്ങള്‍</u>

4253 ശ്രീമതി ഇ. എസ്. ബിജിമോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ബാര്‍ബര്‍ - ബ്യൂട്ടീഷ്യന്‍ ക്ഷേമപദ്ധതിയിലെ ആനുകൂല്യങ്ങള്‍ കാലോചിതമായി പരിഷ്കരിക്കുവാന്‍ നടപടി സ്വീകരിക്കുമോ ;

(ബി) 60 വയസ്സ് പൂര്‍ത്തിയായവരും പ്രായാധിക്യത്താല്‍ ബാര്‍ബര്‍ - ബ്യൂട്ടീഷ്യന്‍ ക്ഷേമ പദ്ധതിയില്‍ അംഗമാകാന്‍ കഴിയാത്തതുമായ ബ്യൂട്ടീഷ്യന്‍മാര്‍ക്ക് പെന്‍ഷന്‍ അനുവദിക്കുവാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ

## 19.10.2011-ലെ മറുപടിക്ക്

<u>പടക്കനിർമ്മാണ തൊഴിലാളികൾക്ക് ക്ഷേമനിധി</u>

4254 ശ്രീ.ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അസംഘടിതമേഖലയായ പടക്ക നിർമ്മാണത്തിലും വില്പനയിലും ലൈസൻസ് എടുത്തിട്ടുളളവരും, അവരുടെ കീഴിൽ ജോലി ചെയ്യുന്നവരുമായി എത്ര തൊഴിലാളികൾ ഉണ്ട് ;

(ബി) ഈ മേഖലയിൽ പണി എടുക്കുന്നവർക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ ; പെൻഷൻ, സൗജന്യ ഇൻഷ്വറൻസ് ക്ഷേമനിധി എന്നിവ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) തൊഴിലിന്റെ റിസ്ക് പരിഗണിച്ച് അപകടങ്ങൾ സംഭവിക്കുമ്പോൾ ആനുകൂല്യം നൽകാൻ നിയമ നിർമ്മാണം നടത്തുമോ ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

<u>മോട്ടോർ തൊഴിലാളി ബോർഡ് നടത്തുന്ന പദ്ധതികൾ</u>

4255 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ തൊഴിലാളി ബോർഡ് നടത്തുന്ന പദ്ധതികൾ എന്തെല്ലാം; ആനുകൂല്യം ലഭിക്കുന്നതിനുവേണ്ട പ്രധാന യോഗ്യതകൾ എന്തെല്ലാമാണ്; പെൻഷൻ ലഭിക്കാൻ വേണ്ട യോഗ്യതയെന്താണ്;

(ബി) പ്രസ്തുത ബോർഡിന്റെ ഫണ്ടിൽ ഇപ്പോൾ എന്തു തുകയാണുള്ളത്; ഏതൊക്കെ ബാങ്കുകളിലാണ് ഇതിന്റെ നിക്ഷേപം;

(സി) അപകടം സംഭവിച്ചവർക്കും മരണപ്പെട്ടവർക്കും എത്ര തുകയാണ് ആനുകൂല്യം; ഇതിനകം എത്ര പേർക്ക് ഇത് നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>കർഷകതൊഴിലാളികൾക്കുള്ള പെൻഷൻ കുടിശ്ശിക</u>

4256 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കർഷകതൊഴിലാളികൾക്കാണ് പെൻഷൻ നൽകിവരുന്നത്;

(ബി) ഓണത്തിന് മുമ്പ് കുടിശ്ശിക അടക്കം പെൻഷൻ വിതരണം നടത്തുന്നതിന് തീരുമാനിച്ചിരുന്നോ;

(സി) എത്ര ഗ്രാമപഞ്ചായത്തുകൾ പ്രസ്തുത പെൻഷൻ ഓണത്തിനു മുമ്പ് വിതരണം ചെയ്തിട്ടുണ്ട്;

(ഡി) പെൻഷൻ യഥാസമയം വിതരണം നടത്താൻ നടപടി സ്വീകരിക്കാത്ത ഗ്രാമപഞ്ചായത്തുകൾക്കെതിരെ സ്വീകരിച്ച നടപടി എന്തൊക്കെയാണ് ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>ബാല നീതി നിയമം</u>

4257 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാലവേല പൂർണ്ണമായും നിരോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ബാലനീതിനിയമം ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടോ;

(സി) അന്യസംസ്ഥാനങ്ങളിൽ നിന്നും കുട്ടികളെ കൊണ്ടുവന്ന് ബാലവേലകൾ ചെയ്യുന്നതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>തിരുവമ്പാടി ഐ.ടി.ഐ. യിൽ തസ്തിക അനുവദിക്കാൻ നടപടി</u>

4258 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ തിരുവമ്പാടി ഐ.ടി.ഐ. യുടെ നിലവിലെ പ്രവർത്തന രീതി വ്യക്തമാക്കാമോ;

(ബി) ലക്ഷക്കണക്കിന് രൂപ വിലയുള്ള പരിശീലന ഉപകരണങ്ങളുടെ സുരക്ഷിതത്വത്തിനു വേണ്ടി വാച്ചർ തസ്തിക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) സ്ഥാപനത്തിലേയ്ക്ക് അനുവദിച്ചിട്ടുള്ള തസ്തികകൾ ഏതൊക്കെയാണെന്ന് പറയാമോ;

(ഡി) സ്ഥാപനത്തിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിലേയ്ക്ക് ഉടൻ നിയമനം നടത്തുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>ചെറുകിട കച്ചവടക്കാരനായിരുന്ന</u>
<u>ശ്രീ. എം. റ്റി. ചാക്കോയ്ക്ക് പെൻഷൻ</u>

4259

ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറുകിട കച്ചവടക്കാർക്കും ഫുട്പാത്ത് കച്ചവടക്കാർക്കും നിലവിൽ ക്ഷേമനിധിയും പെൻഷനും നൽകുന്നുണ്ടോ; ഇവരിൽ നിന്ന് ക്ഷേമനിധി വിഹിതമായി എത്ര രൂപ വീതമാണ് പിരിച്ചെടുക്കുന്നത്; ഇവർക്ക് പെൻഷൻ ലഭിക്കുന്നതിനുള്ള നിബന്ധനകളും നടപടികളും എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ചേർത്തലയിൽ മിനി ഫുട്വെയേഴ്സ് എന്ന സ്ഥാപനം നടത്തിയിരുന്ന, ശ്രീ. എം. റ്റി. ചാക്കോ (ക്ഷേമനിധി നം. ഡി.ഡബ്ല്യു.എഫ്.ഡി. 1306) യ്ക്ക് പെൻഷൻ നൽകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) വൃദ്ധനും രോഗിയുമായ ശ്രീ. എം. റ്റി. ചാക്കോയ്ക്ക് പെൻഷൻ അനുവദിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

ന്യൂനപക്ഷ ഐ. ടി. ഐ. കള്‍

4260 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേന്ദ്ര സര്‍ക്കാര്‍ ന്യൂനപക്ഷ കേന്ദ്രീകൃത മേഖലയില്‍ അനുവദിച്ച ഐ. ടി. ഐ. കള്‍ തുടങ്ങുന്നതില്‍ സംസ്ഥാനം അലംഭാവം കാണിക്കുന്നതായ ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) ന്യൂനപക്ഷങ്ങള്‍ക്ക് നല്‍കിയ ഈ ആനുകൂല്യം പ്രാവര്‍ത്തികമാക്കാന്‍ മുന്‍കൈ എടുക്കുമോ ;

(സി) ന്യൂനപക്ഷ ഐ. ടി. ഐ. കള്‍ സ്ഥാപിക്കാന്‍ മുന്‍ സര്‍ക്കാര്‍ തീരുമാനിച്ചിട്ടുള്ള സ്ഥലങ്ങള്‍ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

<u>മാറഞ്ചേരി ഐ. ടി. ഐ. യ്ക്ക് പുതിയ കെട്ടിടം</u>

4261

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി താലൂക്കിലെ മാറഞ്ചേരിയിലുള്ള ഗവൺമെന്റ് ഐ. റ്റി. ഐ. നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതു മൂലം വിദ്യാർത്ഥികൾക്കുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഐ. റ്റി. ഐ.യ്ക്ക് എം. എൽ. എ. ഫണ്ടിൽ നിന്നും അനുവദിച്ച 30 ലക്ഷത്തിന്റെ ബിൽഡിംഗ് പണികൾ പൂർത്തീകരിച്ചാലും കെട്ടിടം പണി പൂർത്തീകരിക്കാൻ സാധിക്കില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പുതിയ ബജറ്റിൽ പറഞ്ഞിട്ടുള്ള ഒരു കോടി രൂപയുടെ ബിൽഡിംഗ് പ്രവൃത്തികൾ തുടങ്ങുന്നതിന് തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ പുതിയ ബ്ലോക്കിന്റെ പണികൾ എന്ന് തുടങ്ങാനാകും?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട് എരിക്കുളം ഐ.ടി.ഐ. യ്ക്ക് സ്വന്തം കെട്ടിടം</u>

4262 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ എരിക്കുളത്ത് പ്രവർത്തിക്കുന്ന ഐ.ടി.ഐ.ക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഐ.ടി.ഐ. ഇപ്പോൾ പ്രവർത്തിക്കുന്ന എൽ.പി. സ്കൂളിന്റെ പരിമിതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഐ.ടി.ഐ. ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്ന നടപടികൾ ത്വരിതപ്പെടുത്തുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>ഐ. റ്റി. ഐ. കളിലെ ഡി. റ്റി. പി. ഇൻസ്ട്രക്ടർ തസ്തിക</u>

4263

ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.റ്റി.ഐ. കളിൽ ഡി. റ്റി. പി. ഇൻസ്ട്രക്ടർ തസ്തികകൾ നിലവിലുണ്ടോ; എങ്കിൽ ഈ തസ്തികകൾക്ക് അനുവാദം നൽകിയത് എന്നാണ്; എത്ര തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്; എവിടെയെല്ലാമാണ് തസ്തിക അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ഈ തസ്തികയിലേയ്ക്കുള്ള യോഗ്യത, നിയമന രീതി എന്നിവ എന്താണ്; സ്പെഷ്യൽ റൂൾ നിലവിലുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) നിലവിൽ എത്ര ഒഴിവുകളാണുള്ളത്; ഇതിൽ എത്ര ഒഴിവുകളാണ് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>മലപ്പുറം മണ്ഡലത്തില പുതിയ ഐ. ടി. ഐ.</u>

4264 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പ്രവർത്തിക്കുന്ന സർക്കാർ, പ്രൈവറ്റ് മേഖലയിലെ ഐ. ടി. ഐ. കളുടെ പേരു വിവരവും, ഓരോ സ്ഥാപനത്തിലും നിലവിലുള്ള കോഴ്സുകളും അവയ്ക്ക് അംഗീകാരം ഉണ്ടോയെന്നും വ്യക്തമാക്കുമോ ;

(ബി) ഐ. ടി. ഐ.കളിലെ സിലബസ് പരിഷ്ക്കരിക്കുന്നതിനും കൂടുതൽ സാങ്കേതിക മികവ് സൃഷ്ടിക്കുന്ന ബ്രാഞ്ചുകൾ അനുവദിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ;

(സി) ജില്ലയിൽ പുതിയ ഐ. ടി. ഐ. കൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ മലപ്പുറം മണ്ഡലത്തിൽ പുതിയ ഐ. ടി. ഐ. ആരംഭിക്കുമോ ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

<u>സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി</u>

4265 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സ്വകാര്യ ആശുപത്രികൾക്ക് സർക്കാരിൽ നിന്ന് തുക ലഭിക്കാത്തതു കാരണം വിദഗ്ദ്ധ ചികിത്സ ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അപ്രകാരം സാഹചര്യമുണ്ടാകാനുള്ള കാരണം വ്യക്തമാക്കാമോ;

(ഇ) ഈ വർഷം ഈ പദ്ധതിക്ക് നീക്കിവച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(എഫ്) സാധാരണക്കാർക്കും തൊഴിലാളികൾക്കും ബി.പി.എൽ. വിഭാഗക്കാർക്കും ഏറെ ഗുണകരമായ ഈ പദ്ധതി കാര്യക്ഷമമായി നിലനിർത്തുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി - സ്വകാര്യ ആശുപത്രികളുടെ ചൂഷണം</u>

4266 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ ഇന്റ്ഷ്വറൻസ് പദ്ധതിയുടെ കീഴിൽ വരുന്ന സ്വകാര്യ ആശുപത്രികൾ പലതും ചികിത്സയ്ക്കെത്തുന്ന രോഗികളിൽ നിന്നും 30000/- രൂപയിൽ താഴെ ചികിത്സാ ചെലവ് നിലനിൽക്കുമ്പോൾ തന്നെ പണമീടാക്കുകയും ചികിത്സ നൽകാൻ മടികാണിക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം കേസുകളിൽ ഏതെങ്കിലും ആശുപത്രിക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇൻഷ്വറൻസ് കവറേജ് ലഭിക്കേണ്ട രോഗികളിൽ നിന്നും അന്യായമായി പണമീടാക്കുകയും ചികിത്സ നൽകാൻ മടികാണിക്കുകയും ചെയ്യുന്ന സ്വകാര്യ സ്ഥാപനങ്ങൾക്കെതിരെ ആർക്കാണ് പരാതി നൽകേണ്ടത് ; ഇതിന്റെ നടപടികൾ വിശദമാക്കാമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>ഇ. എസ്. ഐ. ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും നവീകരണം</u>

4267

ശ്രീ. പാലോട് രവി
,, വി. പി. സജീന്ദ്രൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ. എസ്. ഐ. ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും നവീകരണത്തിന് എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(ബി) ആശുപത്രികളുടെ നവീകരണത്തിന് കേന്ദ്ര ഫണ്ട് ലഭ്യമാണോ;

(സി) നവീകരണത്തിന് സംസ്ഥാന - കേന്ദ്ര മേഖലകളിലുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ കോർപ്പറേറ്റ് സാമൂഹ്യപ്രതിബദ്ധത പ്രയോജനപ്പെടുത്തുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>കുന്നത്ത് പേപ്പർ മിൽ തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം</u>

4268 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ മുതലമട പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കുന്നത്ത് പേപ്പർ മിൽ തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്നത് സംബന്ധിച്ച് അപേക്ഷ പരിഗണനയിൽ ഉണ്ടോ ;

(ബി) അപേക്ഷയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ;

(സി) അടിയന്തിര പ്രാധാന്യത്തോടെ കുന്നത്ത് പേപ്പർ മിൽ തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

ആലപ്പുഴ ഇ.എസ്.ഐ. ആശുപത്രിയുടെ പ്രവർത്തനം

4269 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ഇ.എസ്.ഐ. ആശുപത്രിയിൽ ഡോക്ടർമാർ ഉൾപ്പെടെ എത്ര ജീവനക്കാരാണുള്ളത്; ഇവരുടെ തസ്തിക തിരിച്ച് അനുവദനീയമായ തസ്തികകളുടെയും, ഇപ്പോൾ ജോലി ചെയ്യുന്നവരുടേയും, ഒഴിവുള്ള തസ്തികകളുടെയും വിശദാംശം അറിയിക്കുമോ;

(ബി) ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇ.എസ്.ഐ. ആശുപത്രിയിൽ ആവശ്യമായ മരുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആവശ്യമായ മരുന്ന് എത്തിച്ച് രോഗികൾക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇ.എസ്.ഐ. ആശുപത്രി കെട്ടിടങ്ങളുടെ ശോച്യാവസ്ഥ പരിഹരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?